# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3223 — 18.10.2016-ൽ മറുപടിക്ക്

## പ്രാഥമിക സഹകരണ ബാങ്കുകളുടെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ് :** | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) പ്രാഥമിക സഹകരണ ബാങ്കുകൾ വഴി കാർഷിക വായ്പയും, വിദ്യാഭ്യാസ വായ്പയും വിതരണം ചെയ്യാൻ എത്ര ലക്ഷം രൂപ വരെയാണ് അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ; ഇതിന്റെ പലിശ എത്ര ശതമാനമാണെന്നും, എന്തെല്ലാം ഈടാണ് ബാങ്കുകൾ നിർദ്ദേശിക്കുന്നത് എന്നും അറിയിക്കുമോ; | (എ) പ്രാഥമിക സഹകരണ ബാങ്കുകൾ വഴി 3 ലക്ഷം രൂപ വരെ ഹ്രസ്വകാല/മദ്ധ്യകാല കാർഷിക വായ്പകളും, വിദ്യാഭ്യാസ വായ്പയായി 25,000/- രൂപയും അനുവദിച്ചുവരുന്നു. കാർഷിക വായ്പകൾക്ക് 7 ശതമാനം പലിശയും വിദ്യാഭ്യാസ വായ്പയ്ക്ക് 12.50 ശതമാനവുമാണ് ഈടാക്കി വരുന്നത്.<br><br>കാർഷിക വായ്പകൾക്ക് വസ്തു, പരസ്പര ജാമ്യം, സ്വർണ്ണ ഉരുപ്പടി എന്നിവ ഈടായി ബാങ്കുകൾ നിർദ്ദേശിക്കുന്നുണ്ട്. അതാത് ബാങ്കുകളുടെ ബൈലാ, വായ്പാ സംബന്ധമായ സബ്റൂളുകൾ എന്നിവയ്ക്ക് വിധേയമായാണ് ഈടുകൾ സ്വീകരിക്കുന്നത്. വിദ്യാഭ്യാസ വായ്പകൾക്ക് ഈട് നിർദ്ദേശിച്ചിട്ടില്ല. |
| (ബി) കേരളത്തിലെ ഇടത്തരം ചെറുകിട കർഷകരെ ലക്ഷ്യമിട്ട് പ്രാഥമിക സഹകരണ ബാങ്കുകൾ എന്തെല്ലാം പുതിയ പദ്ധതികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ? | (ബി) വിഷരഹിത പച്ചക്കറി കൃഷി, നെൽകൃഷി എന്നിവ വ്യാപകമാക്കുന്നതിനും, ആയതിന് മതിയായ കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത് തല ജനപ്രതിനിധികൾ, സഹകരണ |

ബാങ്ക് ഭാരവാഹികൾ, കൃഷി ഓഫീസർ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ അടങ്ങുന്ന സമിതി രൂപീകരിച്ച് കാർഷിക പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**